APPOINTMENT OF OFFICERS WITHOUT CONSULTING PUBLIC SERVICE COMMISSION—PARTICULARS OF

234. (313) മിസ്റ്റർ എ. എൽ. ജേക്കബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി നൽകുമോ.—

(എ) ഫുഡ് ഡിപ്പാർട്ട്മെണ്ടിൽനിന്നു ഒരു വെങ്കിടാചലത്തെ (ക്ലാർക്ക്) പഞ്ചായത്ത് ഓഫീസിലേക്ക് പബ്ലിക്ക് സർവ്വീസ് കമ്മീഷനോടാലോചിക്കാതെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇതിനെപ്പറ്റി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ പ്രൊട്ടസ്റ്റ് ചെയ്തു അയച്ചിട്ടുള്ള കത്തിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കാമോ;

(സി) ഈ മിസ്റ്റർ വെങ്കിടാചലത്തിനു് എവിടെയെങ്കിലും സ്ഥിരലാവണമുണ്ടോ, ഇപ്പോൾ അദ്ദേഹത്തിനു് എവിടെ; എന്തു ജോലിയാണു്; ശമ്പളം എന്തു്;

(ഡി) (എ) ഹുജൂർ സിക്രട്ടറിയേറ്റിൽ ഒരു ക്ലാർക്കായ ചാറൽസ് മാണിയുടെ ഉദ്യോഗകാലാവധി അവസാനിച്ചപ്പോൾ പബ്ലിക്ക സർവ്വീസ കമ്മീഷനോടു ആലോചിക്കാതെ ടിയാനെ വീണ്ടും ഹുജൂരാപ്പീസ്സിൽ നിയമിക്കുകയുണ്ടായൊ; ഉണ്ടെങ്കിൽ എന്നായിരുന്നു;

(ബി) ഈ നിയമനത്തെപ്പറ്റിയും പബ്ലിക്ക സർവ്വീസ കമ്മീഷൻ പ്രൊട്ടസ്റ്റ് ചെയ്തു ഗവൺമെണ്ടിലേക്ക എഴുതീട്ടുണ്ടായിരുന്നൊ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്തു വെയ്ക്കാമോ;

(ഇ) ഫിഷറി വകുപ്പിലും പബ്ലിക്ക സർവ്വീസ കമ്മീഷനോടു ആലോചിക്കാതെ ഒരു ഫിഷറി ഇൻസ്പെക്ടരെ എ എ ടെ ഒഴിവിലൊ എ എ ടെ ര ആദ്യമൊ നിയമിക്കുകയുണ്ടായിട്ടുണ്ടൊ; ഉണ്ടെങ്കിൽ എന്നായിരുന്നു; ഇതിനെപ്പറ്റിയും പബ്ലിക്ക സർവ്വീസ കമ്മീഷൻ പ്രൊട്ടസ്റ്റ് ചെയ്തു എഴുതിയിട്ടുണ്ടൊ; ഉണ്ടെങ്കിൽ പകർപ്പ് മേശപ്പുറത്തു സദയം വെയ്ക്കാമൊ?

മിസ്റ്റർ സി. എ. ഔസേപ്പ്:

(എ) ഉവ്വ്. സർവ്വീസ കമ്മീഷനോടു ഈ മാറ്റത്തിന്റെ കാര്യത്തിൽ ആലോചിക്കേണ്ട ആവശ്യം ഉണ്ടായിരുന്നില്ല.

(ബി) ഇതിനെപ്പറ്റി ചില വിവരങ്ങൾ അറിയുന്നതിനു് സർവ്വീസ കമ്മീഷൻ ഗവൺമെണ്ടിലേക്ക എഴുതിയിട്ടുണ്ടായിരുന്നു. ഇത്തരം എഴുത്തുകുത്തുകൾ സാധാരണയായി സ്വകാര്യമായി കണക്കാക്കേണ്ടതുകൊണ്ടു് മേശപ്പുറത്തു വയ്ക്കുവാൻ നിവൃത്തിയില്ല.

(സി) ഇല്ല. ഇപ്പോൾ പഞ്ചായത്ത് ഡിപ്പാർട്ട്മെണ്ടിൽ ഭക്ഷ്യാൽപാദന പദ്ധതി സംബന്ധിച്ചു് നിയമിച്ചു. ഹെഡ്ക്ലാർക്ക്, ശമ്പളം ക. വ 0—എ ടെ ര.

(ഡി) (എ) ഉവ്വ്. എ എ ടെ മേടം ടെ ര-ാംനു.

(ബി) പ്രൊട്ടസ്റ്റ് ചെയ്തു എഴുതിയിട്ടില്ല.

(ഇ) ഉവ്വ്. എ ൻ ര വ മേയ് എ ര-ാംനു-യിൽ സർവ്വീസ കമ്മീഷൻ ഇതിനെപ്പറ്റി ഗവൺമെണ്ടിലേക്ക എഴുതിയിട്ടുണ്ടു്. ഈ വക എഴുത്തുകുത്തുകളുടെ പകർപ്പുകൾ മേശപ്പുറത്തുവയ്ക്കുവാൻ നിവൃത്തിയില്ല.

മിസ്റ്റർ പി. കെ. ഡീവർ: സി-യിൽ "ഇല്ല. ഇപ്പോൾ പഞ്ചായത്തുഡിപ്പാർട്ട്മെണ്ടിൽ ഭക്ഷ്യോല്പാദന പദ്ധതിയനുസരിച്ചു നിയമിച്ചു. ഹെഡ്ക്ലാർക്ക്, ശമ്പളം ക. വ 0—എ ടെ ര, എന്നു പറഞ്ഞിട്ടുണ്ടു്. എന്നാൽ ഭക്ഷ്യോല്പാദന പദ്ധതിസംബന്ധിച്ചു ഹെഡ്ക്ലാർക്കിന്റെ തസ്തിക ഉണ്ടൊ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഉണ്ടായിരിയ്ക്കാം.

മിസ്റ്റർ പി. കെ. ഡീവർ: അതല്ലെങ്കിൽ, പഞ്ചായത്ത് ഡിപ്പാർട്ടുമെൻറിലെ ഹെഡ് ക്ലാർക്കായിട്ടാണോ നിയമിച്ചതു്?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: അദ്ദേഹം സ്ഥിരലാവണമില്ലാത്ത ഒരാളാണെന്നു പറഞ്ഞു. അദ്ദേഹത്തെ രണ്ടാമതു നിയമിച്ചതു് ഒരു പുതിയ ഒഴിവിലേയ്ക്കല്ലെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. എ. ഔസേപ്പ്: ഏതൊഴിവിലാണെന്നു പറയുവാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. കെ. ഡീവർ: അദ്ദേഹത്തെ വേറൊരുവകുപ്പിൽ നിയമിച്ചതു പുതിയ ഒഴിവിലല്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: അദ്ദേഹത്തെ പുതിയ ഒഴിവിൽ നിയമിച്ചതു സ്റ്റാഫ്സെലക്ഷൻ ബോർഡല്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: അനേഷിയ്ക്കാതെ പറയുവാൻ സാധ്യമല്ല. നോട്ടീസുവേണം.

മിസ്റ്റർ പി. കെ. ഡീവർ: അദ്ദേഹത്തെ ആദ്യം നിയമിച്ചതു സ്റ്റാഫ്സെലക്ഷൻ ബോർഡാണോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതെ.

മിസ്റ്റർ പി. കെ. ഡീവർ: സ്റ്റാഫ്സെലക്ഷൻ ബോർഡിന്റെ നിയമനത്തിൽ ഒരു കാലാവധി പറയുകയില്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഏതു ഒഴിവിലേയ്ക്കാണു നിയമിക്കുന്നതു് എന്നുവെച്ചാൽ അതിന്റെ കാലാവധി പറയും.

മിസ്റ്റർ പി. കെ. ഡീവർ: ആദ്യം വെയ്ക്കുന്ന ഒഴിവുകഴിഞ്ഞാൽ വേറൊരു ഒഴിവിലേയ്ക്കു് മാറാൻ സ്റ്റാഫ്സെലക്ഷൻ ബോർഡിന്റെ നിയമം സമ്മതിക്കുന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: മാറ്റുവാൻ പാടില്ലെന്നു കാണുന്നില്ല.

മിസ്റ്റർ പി. കെ. ഡീവർ: സ്റ്റാഫ്സെലക്ഷൻ ബോർഡിന്റെ നിയമം സമ്മതിക്കുന്നുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്.

മിസ്റ്റർ സി. എ. ഔസേപ്പ്: നിയമം തടയുന്നില്ല.

മിസ്റ്റർ പി. കെ. ഡീവർ: മാറാൻ പാടില്ലെന്നു നിയമമില്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇല്ല.

Mr. President: We cannot spend the whole hour on this question.

Mr. P. K. Dewer This is a very important question sir.

മിസ്റ്റർ സി. വി. ഇയ്യു: സ്റ്റാഫ്സെലക്ഷൻ ബോർഡിന്റെ, അല്ലെങ്കിൽ പബ്ലിക്ക് സർവ്വീസുകമ്മീഷന്റെ നിയമങ്ങളും ഗവണ്മെണ്ടു സമ്മതിച്ചിട്ടുള്ളതല്ലെ? ആ നിയമങ്ങളും Permanent Hands-നും ബാധകമല്ലെ?

മിസ്റ്റർ സി. എ. ഔസേപ്പ്: അല്ല, ഓഫീഷ്യേറിങ്ങ് ഹാൻഡ്സിനെ സംബന്ധിച്ചിടത്തോളമെ ഈ നിയമം ബാധകമാകുകയുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: സ്റ്റാഫ്സെലക്ഷൻ ബോർഡിന്റേയും, പബ്ലിക്ക്സർവ്വീസ കമ്മീഷന്റേയും നിയമപ്രകാരം കഴിഞ്ഞ നിയമനങ്ങളിൽ സാമുദായിക പ്രാതിനിധ്യതത്വമനുസരിച്ചു് ഓരോ സമുദായങ്ങൾക്കും കിട്ടേണ്ട വിഹിതം ശരിയ്ക്കു കൊത്തിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അങ്ങിനെ ചെയ്യണമെന്നു വ്യവസ്ഥ ഉണ്ടു്. എന്നാൽ തെറ്റായ വിധത്തിലും നിയമനം നടത്തിട്ടുണ്ടാവാം.

മിസ്റ്റർ പി. കെ. ഡീവർ: അങ്ങിനെ തെറ്റായി ചെയ്തിട്ടുള്ള നിയമനങ്ങളെ പരിശോധിച്ചു ശരിയാക്കാനുള്ള ഏർപ്പാടുകൾ ചെയ്യാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: തെറ്റായി നിയമിച്ചിട്ടുണ്ടെങ്കിൽ അതു ശരിപ്പെടുത്തേണ്ടതു ഗവണ്മെണ്ടിന്റെ ചുമതലയാണു്.

മിസ്റ്റർ പി. കെ. ഡീവർ: അന്യായമായ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നു ഗവണ്മെണ്ടിനു ബോദ്ധ്യപ്പെട്ടാൽ അതു ശരിയാക്കേണ്ടതല്ലേ; അങ്ങിനെ ചെയ്യുകയില്ലെന്നാണോ പറയുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. എ. ഔസേപ്പ്: ഇങ്ങിനെ ഒരു കുറ്റാരോപണം ചെയ്യുന്നതു ശരിയായില്ലായെന്നു പറയാതെ നിവൃത്തിയില്ല.

മിസ്റ്റർ ടി. എസ്സ്. ബന്ധു: അപ്പർഗ്രേഡിൽ പുതിയ ആളെ ഉദ്യോഗത്തിൽ എടുക്കുന്ന പതിവു് ഇവിടെയുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇതൊരു അഭിപ്രായം മാത്രമാണു്.

മിസ്റ്റർ പി. കെ. ഡീവർ: പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിൽ ഈ ആളെ സ്ഥിരം ഒഴിവിലല്ലേ നിയമിച്ചതു?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസ്സുവേണം.

മിസ്റ്റർ പി. കെ. ഡീവർ: "ഇതിനെപ്പറ്റി ചില വിവരങ്ങൾ അറിയുന്നതിനു സപ്ലീസുകമ്മീഷൻ ഗവണ്മെണ്ടിലേയ്ക്കു എഴുതിയിട്ടുണ്ടായിരുന്നു" എന്നു ബി. എന്നു ചോദ്യത്തിനുള്ള ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടു്. സപ്ലീസുകമ്മീഷനോടാലോചിയ്ക്കാതെ അദ്ദേഹത്തെ ഇങ്ങിനെ മാറ്റിയതു ശരിയായിട്ടില്ലായെന്നുള്ള അഭിപ്രായം ഗവണ്മെണ്ടിനെ അറിയിച്ചുകൊണ്ടല്ലേ സപ്ലീസുകമ്മീഷൻ എഴുതിയതു?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസുവേണം.

OF FICERS RETAINED IN SERVICE AFIER SUPERANNUATION—PARTICULARS OF

235. (145) **Mr. P. K. Krishnankutty Menon** (*Vellarapilli*): Will Government be pleased to state.—

(*a*) the number and names of officers who are retained in Government Service after their age of retirement;

(*b*) the special reasons, if any, for retaining their services even at present?

Mr. P. Govinda Menon (*Minister for Finance and Law*):

(*a*) 8.

(1) Those who have been granted extension of service after superannuation are.—
Mr. M. M. Paul, Director of Food Supplies; and

(2) those who have been re-employed after retirement are.—

(*i*) Mr. K. V. Menon, retired Devaswam Assistant Commissioner.

(*ii*) Mr. C. P. Joseph, retired Panchayat Overseer.

(*iii*) Rapheal Girardilla, retired Nursing Sister.

(*iv*) Mr. A. S. Mahadeva Ayyar, retired District Veterinary Officer, Madras

(*v*) Mr. C. A. Vaidyanatha Ayyar, retired Assistant Veterinary Surgeon.

(*vi*) Mr. P. Venkiteswara Ayyar, retired Superintendent, Accountant-General's Office.

(*b*) Government considered that their services were required for sometime more.

മിസ്റ്റർ പി. കെ. കൃഷ്ണൻകുട്ടിമേനോൻ: ഇതിനു വേറെയാളുകൾ പറകയില്ലായെന്നു വിചാരിച്ചിട്ടാണോ ഇവരെത്തന്നെ തുടരാൻ അനുവദിച്ചിട്ടുള്ളതു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു ഒരു പരിഗണനയായിരിക്കണം.

മിസ്റ്റർ കെ. ഡബ്ലിയു. മരളീധരമാരാർ: ഈ ലീസ്റ്റ് പൂർണ്ണമാണോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: പൂർണ്ണമാണെന്നാണു് എന്റെ വിശ്വാസം.

മിസ്റ്റർ മോസഫ് മുണ്ടശ്ശേരി: കഴിഞ്ഞ തവണയിലെ ലീസ്റ്റ് ഇതിലും ചുരുങ്ങിയതായിരുന്നുവല്ലോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അന്നത്തെ ചോദ്യം ഇന്നത്തെ ചോദ്യത്തേക്കാൾ വ്യത്യാസപ്പെട്ടതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly